Syro Malabar Commission for Liturgy



# നോമ്പ് നാലാംവെള്ളി (ലൂക്കാ 1:26-38)

ഈശോയുടെ മനുഷ്യവതാരത്തെക്കുറിച്ച് ഗബ്രിയേൽ മാലാഖ പരിശുദ്ധ കന്യകാമറിയത്തിന് അറിയിപ്പ് കൊടുത്ത ദിനമാണ് ഇന്നത്തെ സുവിശേഷത്തിലെ പ്രമേയം. ദൈവകൃപനിറഞ്ഞവളെ, എന്നാണ് മാലാഖ മറിയത്തെ അഭിസംബോധന ചെയ്തത്. ദൈവഹിതം അനുസരിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് മറിയം നമ്മെ ഓർമ്മിപ്പിക്കുന്നു. കാരണം മംഗളവാർത്ത നിമിഷത്തിൽ മറിയം ഉത്തരം കൊടുത്തു, "ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്കുപോലെ സംഭവിക്കട്ടെ"(ലൂക്ക 1:36) എന്ന്. നമ്മുടെയോ, ബന്ധുക്കളുടെയോ ഇഷ്ടമല്ല, ദൈവത്തിന്റെ ഇഷ്ടമാണ് പൂർത്തീകരിക്കപ്പെടേണ്ടത്.

ദൈവത്തിന്റെ സ്നേഹത്തിനും കരുണക്കും നമുക്ക് നന്ദിയുള്ളവരായിരിക്കാം. ഈ കോറോണ കാലഘട്ടത്തിൽ നമ്മൾ എങ്ങനെ ദൈവത്തോട് പ്രതികരിക്കുന്നു ദൈവത്തിന്റെ ഹിതം നാം എങ്ങനെ കാണുന്നു? ഇവിടെ നമുക്ക് പ്രചോദനമായി മറിയത്തെ കാണണം. അവളുടെ മറുപടി മുന്നോട്ട് പോകാൻ നമ്മെ പ്രാപ്തരാക്കണം. നമ്മൾക്കും മറ്റുള്ളവർക്കും വേണ്ടി "അതെ" എന്ന മറുപടി പറയണം.

ഓരോ ദിവസവും ദൈവത്തോട് "അതെ"എന്ന് പറയാൻ നാം ക്ഷണിക്കപ്പെടുന്നു. എപ്പോഴും കർത്താവിന്റെ ശബ്ദം കേൾക്കുന്നതിൽ സ്ഥിരോത്സാഹം ഉണ്ടാകട്ടെ. ഫ്രാൻസീസ് മാർപ്പാപ്പ പറഞ്ഞു: "ദൈവത്തിന്റെ അതെ" ആണ് നമ്മെ വിശുദ്ധീകരിക്കുന്നതും, രക്ഷിക്കുന്നതും. ദൈവത്തിന്റെ വിളിക്ക് 'അതെ'എന്ന് എപ്പോഴും ഉത്തരമരുളാനുള്ള കൃപ നല്കണമേ എന്ന് മാതാവിനോട് പ്രാർഥിക്കാം.

തയ്യാറാക്കിയത്,
ഫാ.ജോസഫ് തോലാനിക്കൽ
25-03-2022

സീറോ മലബാർ ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്, കാക്കനാട്
Read more: wwwsyromalabarliturgy.org